# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1733 10.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പോലീസിന്റെ ആവശ്യത്തിലേക്കായി ഹെലികോപ്റ്റർ

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പോലീസിന്റെ ആവശ്യത്തിലേക്കായി ഹെലികോപ്റ്റർ വാടകക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയിൽ നിന്നാണെന്നും അതിന്റെ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാന പോലീസ് വകുപ്പിന്റെ വിവിധ കൃത്യനിർവ്വഹണ ആവശ്യങ്ങൾക്കായി കേന്ദ്ര പൊതുമേഖല സ്ഥാപനമായ പവൻ ഹാൻസ് ലിമിറ്റഡിൽ നിന്നും ഹെലികോപ്റ്റർ wet lease വ്യവസ്ഥയിൽ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം ഒരു മാസക്കാലയളവിൽ പരമാവധി 20 മണിക്കൂർ ഹെലികോപ്റ്റർ ഉപയോഗിക്കുന്നതിലേക്കായി നിശ്ചിത തുകയായ 1,44,60,000/- രൂപ പവൻ ഹാൻസ് ലിമിറ്റഡിന് നൽകേണ്ടതുണ്ട്. ഇതിൽ അധികരിച്ച് ഉപയോഗിക്കുന്ന ഓരോ മണിക്കൂറിനും 67,926/- രൂപ നൽകേണ്ടതുണ്ട്. പ്രസ്തുത കമ്പനിക്ക് വാടകയിനത്തിൽ നാളിതുവരെ യാതൊരു തുകയും നൽകിയിട്ടില്ല. ഒരു വർഷക്കാലയളവിലേക്കാണ് നിലവിലെ കരാർ ഒപ്പുവച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഹെലികോപ്റ്ററിന് പ്രതിമാസം വാടക ഇനത്തിൽ എത്ര തുക നൽകണം എന്നും ഇതിനകം എത്ര തുക പ്രസ്തുത കമ്പനിക്ക് നൽകി എന്നും അറിയിക്കാമോ; | | |
| (സി) | ഹെലികോപ്റ്റർ ഇതിനകം ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ഹെലികോപ്റ്ററിന്റെ ഉപയോഗം ഇതുവരെ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ